**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3242** | **07.11.2019-ൽ മറുപടിക്ക്**

**ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി ഇ.എസ്.ബിജിമോൾ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം എടുക്കുമ്പോൾ അവരിൽ നിന്നും അംഗത്വം എടുക്കാൻ വൈകിയതിനോ മുടങ്ങിപ്പോയ അംഗത്വം പുതുക്കുന്നതിനോ കുടിശ്ശികയായോ പിഴയായോ തുക ഈടാക്കി വരുന്നുണ്ടോ; | (എ) & (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടും അതിലെ ചട്ടങ്ങളും അനുസരിച്ച് ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുമ്പോൾ അംഗത്വം ലഭിക്കുന്നവരിൽ നിന്നും അംശാദായം, മേൽ ആക്റ്റിനും ചട്ടത്തിനും ബോർഡിന്റെ മാർഗ്ഗരേഖകളും അനുസരിച്ച്, ടി വ്യക്തിക്ക് 18 വയസ്സായതു മുതൽ പൂർത്തിയായ വയസ്സുവരെയുള്ള കാലയളവിലെ കുടിശ്ശികയും, കുടിശ്ശികയുടെ പിഴയും അടക്കുന്നതിന് അംഗത്വം ലഭിക്കുന്ന എല്ലാ വിഭാഗക്കാരും ബാധ്യസ്ഥരാണ്. പട്ടികജാതി പട്ടികവർഗ്ഗ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം ലഭിക്കുമ്പോൾ മേൽ വിഭാഗക്കാരിൽ നിന്നും മാത്രമായി അംഗത്വം എടുക്കാൻ വൈകിയതിനോ മുടങ്ങിപ്പോയ അംഗത്വം പുതുക്കുന്നതിനോ കുടിശ്ശികയായോ പിഴയായോ തുക ഈടാക്കി വരുന്നില്ല. |
| (ബി) | എങ്കിൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗമായ അവരെ പ്രസ്തുത തുക അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി ക്ഷേമനിധി അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | |
| (സി) | ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസ് പ്രവർത്തനം ആരംഭിക്കുമോ; ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ പുതുതായി ആരംഭിക്കുന്ന മത്സ്യഭവനുകളോട് അനുബന്ധമായി ക്ഷേമനിധി ഓഫീസുകളുടെ പ്രവർത്തനം കൂടി ആരംഭിക്കുവാനുള്ള നടപടി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ പ്രത്യേക ഓഫീസ് തുടങ്ങുന്നത് നിലവിൽ മത്സ്യബോർഡിന്റെ പരിഗണനയിലില്ല. എന്നിരുന്നാലും പുതിയ മത്സ്യഭവനുകൾ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ മത്സ്യബോർഡിന്റെ പ്രവർത്തനം, അധിക സാമ്പത്തികഭാരവും ജീവനക്കാരെയും അനുവദിക്കാതെ, മാസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**